**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4076** **28-06-2024 - ൽ മറുപടിയ്ക്ക്**

**ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇൻഷിയേറ്റീവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകളിൽ ആരംഭിച്ച ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇൻഷിയേറ്റീവ് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | **Quality Improvement Initiative ന്റെ ഭാഗമായി വിവിധ മെഡിക്കൽ കോളേജുകളിൽ ചെയ്ത പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**<u>സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം</u>**<br><br>*** എമർജൻസി മെഡിസിൻ രോഗികൾക്ക് ത്വരിത ഗതിയിൽ ചികിത്സ ലഭ്യമാക്കുന്നതിനായി രോഗികളുടെ ആരോഗ്യ സ്ഥിതി വിലയിരുത്തി ഓരോ സോണുകളിലായി ചികിത്സ സൗകര്യം ലഭ്യമാക്കുന്ന തരത്തിൽ തരം തിരിച്ച് ട്രയാജ് സംവിധാനം വഴി രോഗികളെ വിവിധ സോണുകളിൽ എത്തിക്കുന്നതിനു വേണ്ട സംവിധാനം ഏർപ്പെടുത്തി.**<br>*** അതീവ ഗുരുതരാവസ്ഥയിൽ ഉള്ള രോഗികൾക്ക് അടിയന്തിര ചികിത്സ നൽകുന്നതിനായി റെഡ് സോൺ ഏരിയ സജ്ജീകരിച്ചു. അപകടങ്ങളിൽപെട്ടും മറ്റു അത്യാഹിതങ്ങളിൽപെട്ടും അടിയന്തിര ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് സർജറി വിഭാഗം, ഓർത്തോ വിഭാഗം, ഇ.എൻ.റ്റി വിഭാഗം, ഡെന്റൽ വിഭാഗം സേവനങ്ങൾ ലഭ്യമാകുന്ന തരത്തിൽ എമർജൻസി വിഭാഗം ക്രമീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ മറ്റിതര രോഗികൾക്ക് ഗ്രീൻ സോൺ വഴി സേവനം ലഭ്യമാക്കുന്നു. നിരീക്ഷണം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ 24 മണിക്കൂർ നിരീക്ഷണത്തിനായി രോഗിയെ യെല്ലോ സോണിൽ കിടത്തിയശേഷം വിട്ടയക്കാൻ പറ്റുന്ന രോഗികളെ ഡിസ്ചാർജ്ജ്** |

**ചെയ്യുകയും, മറ്റുള്ള രോഗികളെ അഡ്മിറ്റ് ചെയ്തു അതാത് വാർഡുകളിലേക്ക് മാറ്റുകയും ചെയ്യുന്നു.**

*** രോഗികളെ ചികിത്സയുടെ ഭാഗമായി ഓരോവിഭാഗങ്ങളിൽ എത്തിക്കുന്നതിനായി 15 ട്രോളി പുള്ളെഴ്സിനെ നിയമിച്ചു. രോഗി സൗഹൃദ അത്യാഹിത വിഭാഗം ആക്കുന്നതിന്റെ ഭാഗമായി ഹെല്പ് ഡസ്ക്, ഡിജിറ്റൽ ഡിസ്പ്ലേ, സൈൻ ബോർഡ് എന്നിവ സ്ഥാപിച്ചു. മെഡിസിൻ റെഡ് സോൺ വിഭാഗത്തിൽ വരുന്ന ഗുരുതര രോഗികൾക്കായി ഐ.സി.യു ആവശ്യം വരുന്ന സാഹചര്യത്തിൽ എമർജൻസി ഐ.സി.യു സംവിധാനവും ഗുരുതര അപകടങ്ങൾ പറ്റി വരുന്ന രോഗികൾക്ക് അടിയന്തിര ശസ്ത്രക്രിയകൾ നടത്തുന്നതിനായി എമർജൻസി ഓപ്പറേഷൻ തീയേറ്ററിൽ 5 ടേബിളുകളും സജ്ജമാക്കിയിട്ടുണ്ട്**

* എമർജൻസി മെഡിസിൻ വിഭാഗത്തിലെ എല്ലാ സോണുകളിലും കൂടി 100 ൽ പരം കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ചെസ്റ്റ് പെയിൻ യൂണിറ്റും കൊമ്പ്രിഹൻസീവ് സ്ട്രോക്ക് യൂണിറ്റും കാത്ത് ലാബും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കോഡ് ബ്ലൂ പ്രോട്ടോക്കോൾ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. എമർജൻസി മെഡിസിനിൽ വരുന്ന രോഗികളുടെ സൗകര്യത്തിനു വേണ്ടി ഇമേജിംഗ് ഉപകരണങ്ങളായ സി.ടി.സ്കാൻ, ന്യൂറോ സി.ടി.സ്കാൻ, എക്സ്റേ, ഇ.സി.ജി എന്നിവയുടെ സേവനങ്ങളും ഈ വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ബ്ലഡ് സ്വീകരിക്കുന്നതിനും റിസൾട്ട് നൽകുന്നതിനുമായി ലാബ് സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പരിശോധന ഫലങ്ങൾ ത്വരിത ഗതിയിൽ ലഭ്യമാക്കുന്നതിന് ഇ-ഹെൽത്ത് സംവിധാനവും പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. മികച്ച ചികിത്സ എല്ലാപേർക്കും ചികിത്സാ പ്രോട്ടോക്കോളുകൾക്ക് (കാർഡിയോളജി, സ്ട്രോക്ക്, പാമ്പുകടി മുതലായവ) അനുസൃതമായി ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ATELC മുഖാന്തിരം Basic Life Support (BLS), Advanced Cardiac

Life Support (ACLS) എന്നിവ നൽകി വരുന്നു. മോക്ക് ഡ്രില്ലുകളും നടത്തി വരുന്നുണ്ട്

* ആശുപത്രിയിലെ തിരക്ക് നിയന്ത്രിക്കുന്നതിലൂടെ മെച്ചപ്പെട്ട ചികിത്സ രോഗികൾക്ക് നല്കാനാകുമെന്നതിനാൽ റഫറൽ, ബാക്ക് റഫറൽ എന്നിവയ്ക്കായി റഫറൽ, ബാക്ക് റഫറൽ നയം മെഡിക്കൽ കോളേജിൽ സ്വീകരിച്ച് വരുന്നു.

*** ഓ.പി കൗണ്ടറുകളിലെ തിരക്ക് കുറയ്ക്കുന്നതിനായി അഡ്വാൻസ് ബുക്കിംഗ് സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നുണ്ട്.**

* എമർജൻസി മെഡിസിൻ വിഭാഗത്തെ NQAS നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

* മെഡിക്കൽ കോളേജിലെ ഐ.സി.യു, വാർഡ്, ക്യാഷ്വാലിറ്റി എന്നിവിടങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിനും അണുബാധ തടയുന്നതിന്റെയും ഭാഗമായി HICC (Hospital Infection Control committee) SPEID CELL എന്നിവയുടെ സംയുക്തമായ പരിശോധന എല്ലാ മാസവും നടത്തുകയും ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് മാർക്ക് നൽകുകയും ചെയ്ത് വരുന്നുണ്ട്. നേഴ്സുമാരെ ഉപയോഗിച്ച് എല്ലാ ആരോഗ്യ പ്രവർത്തകർക്കും കൈകളുടെ ശുചിത്വം ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, ഇൻഫെക്ഷൻ കണ്ട്രോൾ എന്നിവയിൽ ഉർജ്ജിതമായ ട്രെയിനിംഗ് നൽകി വരുന്നുണ്ട്.
* മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനായി സെക്യൂരിറ്റി വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ എല്ലാ സോണുകളിലും അലാറം സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
* മെഡിക്കൽ കോളേജ് ആശുപത്രിയിൽ 110 കിടക്കകൾ ഉള്ള അത്യാധുനിക പോസ്റ്റ് ഓപ്പറേഷൻ വാർഡുകൾ ക്രമീകരിച്ചു. അടിയന്തിര ചികിത്സാ സംവിധാനങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത ചികിത്സയ്ക്കായി കാത്ത് ലാബും, തീവ്രപരിചരണ വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. ബേൺസ് ചികിത്സാ സംവിധാനം, സ്കിൻ ബാങ്ക് എന്നിവ വിപുലീകരിച്ചു. വയോജനങ്ങൾക്കു വേണ്ടി 30

ബെഡോടു കൂടിയ ജീറിയാട്രിക്സ് വാർഡും മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജികരിച്ചു. ലാബുകളുടെ പ്രവർത്തനം എകോപിപിച്ചുകൊണ്ട് നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തി. എല്ലാ വാർഡുകളിലും ബെഡ് സൈഡ് ഓക്സിജൻ സംവിധാനം സജ്ജമാക്കി.
* ന്യൂറോളജി വകുപ്പിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ സ്ട്രോക്ക് ഐ.സി.യു 0.97 കോടി ചെലവിൽ സ്ഥാപിച്ചു.
* 98 ലക്ഷം രൂപ ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ 7-ാം വാർഡും, 95 ലക്ഷം രൂപ ചെലവിൽ 8-ാം വാർഡും നവീകരിച്ചു.
* റുമറ്റോളജി, ക്രിട്ടിക്കൽ കെയർ, ജനറ്റിക് (എസ്.എ.റ്റി) ഇൻറർവെൻഷൻ റേഡിയോളജി എന്നീ പുതിയ ഡിപ്പാർട്ട്മെൻറുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ സർജിക്കൽ ഗ്യാസ്ട്രോ എൻററോളജി വിഭാഗത്തിൽ കരൾ മാറ്റ ശസ്ത്രക്രിയ വിജയകരമായി നടത്തി വരുന്നു.

**<u>ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി</u>**

* എസ്.എം.എ ക്ലിനിക്ക് 2022 ഫെബ്രുവരിയിൽ ആരംഭിച്ചു. സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അസുഖം മൂലം കഷ്ടത അനുഭവിക്കുന്ന കുഞ്ഞുങ്ങളുടെ സമഗ്ര ചികിത്സ ലക്ഷ്യം വച്ച് കേരളത്തിൽ ആദ്യമായി സർക്കാർ തലത്തിൽ എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജി വിഭാഗം പ്രവർത്തിച്ചു വരുന്നു. എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച ഈ ക്ലിനിക് പ്രവർത്തിച്ചു വരുന്നു.

*** SAT ആശുപത്രിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി LAQSHYA അക്രഡിറ്റേഷൻ ലഭിച്ചു. പീടിയാട്രിക്സ് വിഭാഗത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി മുസ്കാൻ (MUSQAN) അക്രഡിറ്റേഷൻ ലഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.**
*** ഗൈനക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ആർദ്രം പദ്ധതിയുടെ കീഴിൽ ഗർഭിണികൾക്കും, രോഗികൾക്കും ആധുനിക**

**സൗകര്യങ്ങളോട്ടു കൂടിയ പുതിയ ഒ.പി വിഭാഗം പണി കഴിപ്പിച്ചു**

**സർക്കാർ റ്റി.ഡി. മെഡിക്കൽ കോളേജ് ആലപ്പുഴ**

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്വാളിറ്റി ഇംപ്രൂവ്മെൻറ് ഇനിഷിയേറ്റീവ് പദ്ധതിയുടെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിച്ചു. ഗൈനക്കോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ട്രോമാ കെയറിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള വിശ്രമ കേന്ദ്രത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.

**സർക്കാർ മെഡിക്കൽ കോളേജ് കോട്ടയം**

* കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷിയേറ്റീവ് പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ സൗകര്യങ്ങൾ സജ്ജമാക്കുകയും നിരവധി കർമ്മ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. രോഗി സുരക്ഷയെ മുൻ നിർത്തി എല്ലാ വിഭാഗം ജീവനക്കാർക്കും CNEU - ന്റെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സുകൾ നൽകി.
* CNBU HICC (ഹോസ്പിറ്റൽ ഇൻഫക്ഷൻ കണ്ട്രോൾ കമ്മിറ്റി) എന്നിവയുടെ സഹായത്തോടെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ചും ഇൻഫെക്ഷൻ കൺട്രോൾ പദ്ധതികളെക്കുറിച്ചും എല്ലാ ജീവനക്കാർക്കും അവബോധം വളർത്തുന്നതിനുള്ള ക്ലാസുകൾ നൽകി.
* 2021-ൽ ലക്ഷ്യ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും, 2022- ൽ ലക്ഷ്യ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും, തുടർന്നുള്ള സർവയലൻസിലും മികച്ച സ്കോർ നേടി ലക്ഷ്യ സർട്ടിഫിക്കറ്റ് നിലനിർത്തുകയും ചെയ്തു.
* 2022 ഒക്ടോബറിൽ MBFHI സർട്ടിഫിക്കേഷൻ കരസ്ഥമാക്കി.
* 2022 നവംബർ മുതൽ NABH accreditation നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.
* സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം ക്വാളിറ്റി കമ്മറ്റി കൂടുകയും മാസംതോറും സ്ഥാപനത്തിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു.

* മെഡിക്കൽ കോളേജ് ആശുപത്രിയിൽ Dietician സേവനങ്ങൾ ഒ.പി യിലും, വാർഡിലും ലഭ്യമാക്കി. ആശുപത്രിയിലെ എല്ലാ ഭക്ഷണ വിതരണ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും ഹെൽത്ത് കാർഡ് പരിശോധിക്കുകയും കൃത്യത ഉറപ്പാക്കുകയും ചെയ്തു. ആശുപത്രിക്ക് കോമൺ അടുക്കള നിർമ്മിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു.
* ആശുപത്രികളിൽ Infection Control പ്രവർത്തനങ്ങൾ ശാക്തീകരിച്ചു Hand hygiene auditing, surveillance auditing എന്നിവ നടപ്പിലാക്കി. HIV Manual തയ്യാറാക്കി.
* Prescription auditing നടന്നു വരുന്നു. മരുന്നുകളുടെ പാർശ്വവശങ്ങൾ കൃത്യമായി അറിയിക്കാനുള്ള സംവിധാനങ്ങൾ കേന്ദ്രീകൃതമായി നടപ്പിലാക്കി
* അത്യാഹിത വിഭാഗം കെട്ടിടത്തിന് Fire NOC ലഭ്യമായിട്ടുണ്ട്.
* OBG building ലും മറ്റു കെട്ടിടങ്ങളിലും Fire Safety/Disaster management പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ നടത്തി വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രയിൽ ക്വാളിറ്റി ഇമ്പ്രൂവ്മെൻറ് ഇനിഷിയേറ്റീവ് പദ്ധതിയുടെ ഭാഗമായി അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി. ഡെത്ത് ഓഡിറ്റ് എല്ലാ മാസവും കൃത്യമായി നടത്തി വരുന്നു. ഇ – ഹെൽത്ത് പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒ.പി രജിസ്ട്രേഷൻ, ഒ.പി കൺസൾട്ടേഷൻ, ഓൺലൈൻ അപ്പോയ്മെന്റ്, ഒ.പി ബില്ലിംഗ് എന്നിവ നടപ്പിലാക്കി. ലാബും ഫാർമസിയും ഇ-ഹെൽത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോഡ് ഗ്രേ സംവിധാനം നടപ്പിലാക്കി. ടോക്കൺ സംവിധാനം നടപ്പിലാക്കി. സെക്യൂരിറ്റി ഓഡിറ്റ് കൃത്യമായി നടപ്പിലാക്കി വരുന്നു. സർവെയിലൻസ് ക്യാമറകളുടെ എണ്ണം വർദ്ധിപ്പിച്ചു. ആശുപത്രിയുടെ മൊത്തം

പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. ഇ-സഞ്ജീവനി എന്ന പദ്ധതി ജീവനക്കാരെ ഉൾക്കൊളളിച്ച് കൃത്യമായി നടപ്പിലാക്കി. ഇൻഫെക്ഷൻ തടയുന്നതിനായി എച്ച്.ഐ.സി.സി യോഗം കൃത്യമായി നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നിലവിലുണ്ട്. ആശുപത്രിയിൽ സ്ഥാപിച്ചിരുക്കുന്ന വാട്ടർ പ്യൂരിഫയറുകളുടെ വെള്ളം ഉപയോഗ പ്രദമാണോ എന്ന് ഉറപ്പു വരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ ഗുണമേന്മ പരിശോധിച്ചു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ് തൃശ്ശൂർ</u>**

* മെഡിക്കൽ കോളേജിലെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കീമോതെറാപ്പി ഡേ കെയർ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനും ലിഫ്റ്റുകൾ ഉൾപ്പെടെ ALFC യുടെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണത്തിനും ജലസംഭരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. * വിവിധ രോഗ നിർണയവും ചികിത്സാ രീതികളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ഇഷ്ടാനുസൃത ചികിത്സ ഓപ്ഷനുകൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾക്ക് പ്രാമുഖ്യം നൽകി വരുന്നു.

* STP യുടെ നവീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികളും ആശുപത്രി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു.

* രോഗീസൗഹൃദ സങ്കൽപ്പത്തോടെ മധ്യകേരളത്തിലെ സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിലുള്ള കാൻസർ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

* ഇന്റർവെൻഷണൽ റേഡിയോഗ്രാഫി നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനും ആശുപത്രിയിൽ നിലവിലുള്ള ഇമേജിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഴയ ഉപകരണങ്ങൾ മാറ്റി പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

| | | | |
|---|---|---|---|
| | | | <u>**സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്**</u><br>* കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി PMSSY കെട്ടിടത്തിന്റെ താഴത്തെ നില അത്യാഹിത വിഭാഗമാക്കി മാറ്റുകയും ട്രോമാ & ആക്സിഡന്റ് എമർജൻസി സംവിധാനങ്ങൾ സജ്ജീകരിച്ചു കൊണ്ടിരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>* അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി എമർജൻസി ഡിപ്പാർട്ടുമെന്റിന് കീഴിൽ വിവിധ ഡിപ്പാർട്ടുമെന്റിലെ ഡോക്ടർമാരെ പൂൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>* അത്യാഹിത വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എച്ച് ഡി എസ് ഫണ്ട് ഉപയോഗിച്ച് വിവിധ വിഭാഗങ്ങളിലെ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനിംഗ് സ്റ്റാഫ്, ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>* അത്യാഹിത വിഭാഗത്തിലെ ജീവനക്കാർക്ക് നിരന്തര പരിശീലനം നൽകി വരുന്നുണ്ട്.<br>* ഓർത്തോ ഓപ്പറേഷൻ തിയേറ്റർ 24 മണിക്കൂറും പ്രവർത്തനം നടത്തി വരുന്നു. കൂടുതൽ റെഡ് ഏരിയ ബെഡുകൾ, രോഗി ബൈസ്റ്റാൻന്റേസ് സൗഹൃദ സംവിധാനങ്ങൾ കൂടുതൽ ഇരിപ്പിട സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>* കോഴിക്കോട് മെഡിക്കൽ കോളേജിന് ലക്ഷ്യ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>*** കോഴിക്കോട് മെഡിക്കൽ കോളേജിൽ നൽകി വരുന്ന സേവനവുമായി ബന്ധപ്പെട്ട ഗ്യാപ്പ് അനാലിസിസ് നടത്തുവാനും മെച്ചപ്പെടുത്താനും ഒരു അസസ്മെൻറ് കമ്മറ്റി എമർജൻസി മെഡിസിൻ വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂഷണൽ ലെവൽ കമ്മറ്റി രൂപീകരിച്ച ഡെത്ത് ഓഡിറ്റിംഗ് നടത്തിവരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ 2021 മുതൽ നാളിതുവരെ എന്തെല്ലാം | (ബി) | തൃശ്ശൂർ മെഡിക്കൽ കോളേജിലെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | | നാളിതുവരെ കൈകൊണ്ട പ്രവർത്തനങ്ങളുടെ സ്ഥിതി വിവരം താഴെ പറയും പ്രകാരമാണ് :<br><br>* തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷേറ്റീവ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കി വരുന്നു. രോഗികൾക്ക് വിവിധ വകുപ്പുകളിൽ നൽകുന്ന സേവനത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായും, ന്യൂനതകൾ ഉണ്ടെങ്കിൽ കണ്ടെത്തി പരിഹരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണൽ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി അപാകതകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>* കീമോതെറാപ്പി ഡേ കെയർ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനും ലിഫ്റ്റുകൾ ഉൾപ്പെടെ ALFC യുടെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണത്തിനും ജലസംഭരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>* STP യുടെ നവീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികളും ആശുപത്രി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>* രോഗീസൗഹൃദ സങ്കൽപ്പത്തോടെ മധ്യകേരളത്തിലെ സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിലുള്ള കാൻസർ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>* ഇന്റർവെൻഷണൽ റേഡിയോഗ്രാഫി നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനും ആശുപത്രിയിൽ നിലവിലുള്ള ഇമേജിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഴയ ഉപകരണങ്ങൾ മാറ്റി പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ